പുല്ലുപറിക്കൽ ഒക്കെയാണ്. കേരളത്തിൽ മൊത്തത്തിൽ പുല്ലുൽപ്പാദനം ഒരു പ്രോഗ്രാമായിട്ടെടുത്തുകൊണ്ട് അതിനാവശ്യമായ പണവും മറ്റു സഹായവും ചെയ്യാൻ ഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണ്.

IV സബ്മിഷൻ

(1) സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ ഫീസ് വർദ്ധന

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ഇന്നത്തെ പത്രത്തിൽ നമ്മളെല്ലാം വായിച്ച ഉൽകണ്ഠാജനകമായ സ്ഥിതി സഭയുടെ ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. എൻജിനീയറിംഗ് കോളേജിന്റെ കാര്യത്തിലുള്ള ചർച്ചയിൽ അങ്ങേയ്ക്കുതന്നെ ഇടപെടേണ്ടിവന്ന കാര്യം ഞാൻ ഈ അവസരത്തിൽ അനുസ്മരിപ്പിക്കുന്നു. മെഡിക്കൽ കോളേജുകളുടെ ട്യൂഷൻ ഫീസിനെ സംബന്ധിച്ച് ഇന്ന് പത്രത്തിൽ വന്നത് സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ മെരിറ്റ് അടിസ്ഥാനത്തിൽ അഡ്മിഷൻ ലഭിക്കുന്ന കുട്ടികളിൽ നിന്ന് ഒരു ലക്ഷത്തിയെഴുപത്തിയാറായിരം രൂപ വാങ്ങാമെന്ന് ക്യാബിനറ്റ് തീരുമാനിച്ചതാണ്. അതോടൊപ്പം മറ്റ് അമ്പത് ശതമാനം അഡ്മിഷന് സ്വകാര്യ മാനേജ്മെന്റിന്, സ്വാശ്രയ കോളേജിന്റെ മാനേജുമെന്റിന് ഇഷ്ടമുള്ളത് എത്രയോ അത്രയും വാങ്ങാം. ഒരു ഉദാഹരണം, പുഷ്പഗിരി, ആശുപത്രി തന്നെ. പുഷ്പഗിരി എന്ന പേര് എത്ര മനോഹരം, മുപ്പത് ലക്ഷം രൂപയാണ് അവർ ചോദിക്കുന്നത്. അപ്പോൾ ഈ നിലയിൽ സ്വകാര്യ മാനേജുമെന്റിനെ കയറൂരിവിട്ടുകൊണ്ടും അതേസമയം ഗവൺമെന്റ് ക്യാബിനറ്റ് തന്നെ അംഗീകരിച്ചിരിക്കുന്നത് അൻപത് ശതമാനം മെറിറ്റഡ് ആയിട്ടുള്ള സ്റ്റുഡന്റ്സിനോട് ഒരു ലക്ഷത്തി എഴുപത്തിയാറായിരം രൂപ വാങ്ങാമെന്നാണ്. വിദ്യാഭ്യാസ കച്ചവടക്കാരും ഗവൺമെന്റും തമ്മിലുള്ള ഏറ്റവും ഹീനമായ ബന്ധത്തിന്റെ തെളിവാണ് ഈ ക്യാബിനറ്റ് തീരുമാനം. നമ്മുടെ നാട്ടിലെ പാവപ്പെട്ട വിദ്യാർത്ഥികൾക്ക്, സാധാരണ കേരളപൗരന്റെ മക്കൾക്ക് മെഡിക്കൽ കോളേജിൽ അഡ്മിഷൻ കിട്ടുക എന്നുള്ളത് ചിന്തിക്കാൻപോലും കഴിയുമോ? കേരളത്തിന്റെ പാരമ്പര്യമെന്താണ്? വിദ്യാഭ്യാസത്തിൽ ഗവൺമെന്റിന്റെ അധിപൻമാരുടെ പങ്കിന്റെ ഫലമായി സമ്പന്നരുടെ മക്കൾ കാൽശരായി ധരിച്ച്, കോട്ടുമിട്ട്, പാലം പണി നോക്കുന്നു. കല്ല് അങ്ങോട്ട് തട്ട്, കല്ല് ഇങ്ങോട്ടു തട്ട്, എന്ന് പറയുന്നു, മെഡിക്കൽ കോളേജുകളിൽ അഡ്മിഷൻ വാങ്ങിക്കുന്നു, എന്നിട്ട് രോഗികളെ ശുശ്രൂഷിക്കുന്നു. പാവപ്പെട്ട ഹരിജന്റേയും ഗിരിജന്റേയും പിന്നോക്കക്കാരന്റേയും മതന്യൂനപക്ഷക്കാരന്റേയും മക്കളിൽ ഏതെങ്കിലും ഒരുത്തന് ഒരു ലക്ഷത്തി എഴുപത്തിയാറായിരം രൂപ കൊടുത്തു. അത്തരം മെഡിക്കൽ കോളേജിൽ പഠിച്ച് ഡോക്ടർമാരാകാൻ കഴിയുമോ? പിന്നോക്കക്കാരന്റെ കൂടെത്തന്നെ മത ന്യൂനപക്ഷത്തിൽപ്പെട്ട ഒരു മന്ത്രി ഈ വകുപ്പ് കൈകാര്യം ചെയ്യുമ്പോൾ അവരോട് ഇത്ര കടുത്ത അനീതി കാണിക്കാൻ എന്റെ ബഹുമാനപ്പെട്ട മന്ത്രിയേയും കൂടെയിരുത്തിക്കൊണ്ട് ക്യാബിനറ്റ് തീരുമാനമെടുക്കാൻ കാണിച്ച അതികഠിനമായ ആ മനോഭാവം അത് അത്ഭുതകരംതന്നെ. അങ്ങ് ഇത്

LIBRARY ARCHIVES Kerala Legislative Assembly

മിണ്ടാതിരുന്നു കേട്ടോ, അതോ സമുദായത്തിലെ ആളുകളേക്കാൾ തന്റേയും കൂടി താൽപ്പര്യത്തോടുകൂടി ആരംഭിച്ചിട്ടുള്ള സ്വകാര്യ കോളേജുകൾക്ക് ലഭിക്കുന്ന കോഴയുടെ ലക്ഷം പോക്കറ്റിലേയ്ക്ക് വരുന്നില്ലേ എന്ന് ഓർത്ത് സ്തംഭിച്ചിരുന്നുപോയതാണോ ? എന്തുപറ്റി ഈ ക്യാബിനറ്റിന് ? എന്തായാലും ഇത് വളരെ കഷ്ടമായിപ്പോയി .....(ബഹളം).....(ബഹളം).....

മി. സ്പീക്കർ : ഓർഡർ, ഓർഡർ .....

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : ഏതായാലും വളരെ കഷ്ടമായിപ്പോയി. (ബഹളം).....

മി.സ്പീക്കർ : ഓർഡർ, ഓർഡർ

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : ഈ തരത്തിലുള്ള ഒരു തീരുമാനം ക്യാബിനറ്റ് എടുക്കാൻ പാടില്ലായിരുന്നു. അതിന് അങ്ങയെപ്പോലുള്ള ഒരാൾ കൂട്ടുനിൽക്കാൻ പാടില്ലായിരുന്നു. എങ്ങനെയാണ് ഇതു സംഭവിച്ചത് എന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കിയാൽ കൊള്ളാം.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) : സർ, സർക്കാർ കോളേജുകളിൽ ഈടാക്കുന്ന ഫീസ് മാത്രം ഈടാക്കിക്കൊണ്ട് സ്വാശ്രയകോളേജുകൾ പ്രവർത്തിക്കണമെന്നതായിരുന്നു സർക്കാരിന്റെ നിർദ്ദേശം. തുടർന്നാണ് കോടതി വിധി ഉണ്ടായത്. കോടതി വിധിയുടെ അടിസ്ഥാനത്തിലാണ് കഴിഞ്ഞവർഷം ഗവൺമെന്റിന്റെ ശാസനകൾ പോലും ലംഘിച്ചുകൊണ്ട് സ്വാശ്രയ മെഡിക്കൽ കോളേജുകൾ ഫീസ് ഈടാക്കിയത്. ഗവൺമെന്റ് അൻപത് ശതമാനം സീറ്റുകൾ മെറിറ്റ് അടിസ്ഥാനത്തിലും അൻപത് ശതമാനം സീറ്റുകൾ മാനേജുമെന്റിനും നൽകിക്കൊണ്ടുള്ള തീരുമാനമെടുത്തുവെങ്കിലും അതുപോലും കോടതി വിധിമൂലം നടപ്പിലാക്കാൻ സാധിക്കാതെപോയി, ഗവൺമെന്റിന്റെ ആത്മാർത്ഥമായ സമീപനത്തെ കോടതി വിധിയുടെ പശ്ചാത്തലത്തിൽ മറ്റുള്ളവർ മുതലെടുക്കുന്ന ഒരു പ്രവണതയുണ്ട്. ഇക്കാര്യത്തിൽ എല്ലാപേരും വ്യാകുലരാണ്. ഡയറക്ടർ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ, തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ പ്രിൻസിപ്പൽ, പ്രൊഫസർ ഓഫ് മൈക്രോ ബയോളജി ബയോ കെമിസ്ട്രി ഫോറിൻ മെഡിസിൻ എന്നിവർ അടങ്ങുന്ന ഒരു എക്സ്പെർട്ട് കമ്മിറ്റി മെഡിക്കൽ കോളേജിൽ ഒരു വിദ്യാർത്ഥിക്ക് 1.6 ലക്ഷം രൂപ ചെലവ് വരുന്നതായി .....

മി. സ്പീക്കർ : അതിനല്ലേ ലക്ഷക്കണക്കിന് വാങ്ങുന്നത്? (ബഹളം)..... ഓർഡർ , ഓർഡർ,.....

ശ്രീ. പി. ശങ്കരൻ : സ്വാശ്രയ മെഡിക്കൽ കോളേജുകളുടെ മാനേജുമെന്റ് ഗവൺമെന്റ് സെക്രട്ടറിമാരുമായി നടത്തിയ ചർച്ചയിൽ മൂന്നു ലക്ഷം രൂപ മുതൽ നാലു ലക്ഷം രൂപവരെ ഒരു വിദ്യാർത്ഥിക്ക് ചെലവ് വരുമെന്ന് കണക്കാക്കി, ആ കണക്ക് ശരിയാണെന്നുള്ള നിഗമനത്തിലാണ് കോടതിപോലും എത്തിച്ചേർന്നത്. പക്ഷെ ഗവൺമെന്റ് ഇക്കാര്യത്തിൽ കർശനമായ നിലപാടാണ് എടുത്തത്. അതിന്റെ അടിസ്ഥാനത്തിലാണ് കഴിഞ്ഞ വർഷം 1,50,000 രൂപ

LIBRARY ARCHIVES Kerala Legislative Assembly

മാത്രമേ ഫീസ് വാങ്ങാവൂ എന്ന് നിശ്ചയിച്ചത്. ഗവൺമെന്റിന്റെ ഉദ്ദേശം സർക്കാർ മെഡിക്കൽ കോളേജുകളിൽ നിശ്ചയിച്ച അതേ ഫീസ് മാത്രമേ വാങ്ങാൻ പാടുള്ളൂ എന്നായിരുന്നു. കോടതിയെ മറികടക്കാൻ സർക്കാരിനധികാരമില്ല. അതിനത്യാവശ്യമായ നിയമനിർമ്മാണം.....(ബഹളം)..... ഇന്നത്തെ നിലയിൽ ഒരു പുതിയ വിഷയം ഉണ്ടാക്കി വരുന്നു. ഇക്കാര്യത്തിൽ മറിച്ചൊരു നിലപാടെടുക്കാൻ സർക്കാരിന് സാദ്ധ്യമല്ല. കോടതി വിധിയുടെ അടിസ്ഥാനത്തിലുള്ള .....(ബഹളം).....

മി. സ്പീക്കർ : ഓർഡർ, ഓർഡർ. അത് ഞാൻ പരിശോധിക്കാം. കോടതി വിധി ഉണ്ടോ ഇല്ലയോ എന്നുള്ളത് പരിശോധിക്കാം. I will come back to the House. നിങ്ങൾ കോടതി വിധി ഇല്ലെന്ന് പറയുന്നു: മന്ത്രി ഉണ്ടെന്ന് പറയുന്നു.

ശ്രീ. പി. ശങ്കരൻ : സുപ്രീംകോടതി വിധിയിൽ നിർദ്ദേശിച്ച പ്രകാരം reasonable surplus കൂടി ചേർത്തുകൊണ്ട് ഫീസ് നിശ്ചയിക്കണമെന്നാണ് കോടതി പറഞ്ഞത്. വിദഗ്ദ്ധ സമിതി നിർദ്ദേശിച്ച 1,60,000 രൂപയ്ക്കു പുറമേ reasonabale surplus എന്ന് പറയുന്നത് 10 ശതമാനമായതുകൊണ്ട് 1,60,000 രൂപയുടെ 10 ശതമാനമെന്ന് പറയുന്ന 16,000 രൂപ കൂടി ചേർത്ത് 1,76,000 രൂപ ഫീസ് നിശ്ചയിച്ചുകൊണ്ട്.....

മി. സ്പീക്കർ : സർക്കാരിൽ എത്രയാ ഫീസ് ?

ശ്രീ. പി. ശങ്കരൻ : ഫീസ് നിശ്ചയിക്കാൻ സർക്കാരിനോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് .....(ബഹളം)..... സർക്കാർ മെഡിക്കൽ കോളേജുകളിൽ 16,500 രൂപയാണ് ഇപ്പോൾ ഫീസ്. സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ ഫീസ് എത്ര വേണമെന്ന് നിഷ്ക്കർഷിക്കുന്നതിന് സർക്കാർ ഇക്കാര്യത്തിൽ അവരുമായി ചർച്ച നടത്തി ഒരു തീരുമാന മെടുക്കുകയാണ്. അവർ 4 ലക്ഷം രൂപയാണ് നിശ്ചയിച്ചത്. 4 ലക്ഷം രൂപ പാടില്ലെന്ന് സർക്കാർ പറഞ്ഞിരിക്കുകയാണ്.

മി. സ്പീക്കർ : നമ്മൾ ക്യാപ്പിറ്റേഷൻ ഫീസ് അനുവദിക്കുന്നത് ഇതിനുവേണ്ടിയല്ലേ ?

ശ്രീ. പി. ശങ്കരൻ : ക്യാപ്പിറ്റേഷൻ ഫീസ് അനുവദിക്കുന്നില്ല. സ്വാശ്രയ മെഡിക്കൽ കോളേജുകൾ ഇന്നത്തെ നിലയിൽ നടത്താൻ സർക്കാർ നിശ്ചയിച്ച ഈ ഫീസ് കൊണ്ട് കഴിയില്ല എന്നാണ് അവർ പറയുന്നത്. അവർ പറയുന്നത് അംഗീകരിക്കാൻ സർക്കാർ തയ്യാറല്ല. അതേസമയം ഒരു reasonable amount എന്ന് കോടതി വിധിച്ചിരിക്കുകയാണ്. ഇക്കാര്യത്തിൽ ഒരു നിയമനിർമ്മാണം നടത്തുന്നതുവരെ ഇത് അനുവദിക്കുകയേ നിവൃത്തിയുള്ളൂ. ഗവൺമെന്റ് ഇക്കാര്യത്തെക്കുറിച്ച് ഗൗരവമായി ചിന്തിക്കുകയാണ് ; അതിന് ഒരു

LIBRARY ARCHIVES Kerala Legislative Assembly

നിയമനിർമ്മാണം തന്നെ കൊണ്ടു വരാനുള്ള കാര്യങ്ങൾ ഗവൺമെന്റ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

മി. സ്പീക്കർ : ക്യാപ്പിറ്റേഷൻ ഫീസ് ഇല്ല എന്ന അർത്ഥത്തിലാണോ കണക്കു കൂട്ടിയിരിക്കുന്നത് ?

ശ്രീ. പി. ശങ്കരൻ : ക്യാപ്പിറ്റേഷൻ ഫീ ഉണ്ടെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. അത് മറച്ചുവച്ചിട്ട് കാര്യമില്ല. അത് ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല. സ്വാശ്രയ സ്കൂളുകളിൽ, സ്വകാര്യ മാനേജുമെന്റിന്റെ കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിൽ B.Com. കോഴ്സിനുവരെ 30,000 രൂപ ഫീസ് വാങ്ങുന്ന രീതി നമ്മുടെ സംസ്ഥാനത്തുണ്ട്. ഇതാർക്കും അറിഞ്ഞുകൂടാത്തതുകൊണ്ടല്ല. ഇതിനെക്കുറിച്ചൊക്കെ പ്രസംഗിക്കുന്ന എല്ലാപേരും തങ്ങളുടെ മക്കൾക്ക് മാർക്ക് കുറഞ്ഞിട്ടുണ്ടെങ്കിൽ 30,000 രൂപ കൊടുത്താണ് അഡ്മിഷൻ വാങ്ങുന്നത്. എല്ലാപേരും ഇതിനെയൊക്കെ എതിർക്കുക മാത്രമാണ് ചെയ്യുന്നത്. ഇക്കാര്യത്തിൽ ആർക്കും ഒന്നും ചെയ്യാൻ കഴിയാത്ത അവസ്ഥ വർഷങ്ങൾക്ക് മുമ്പേ സംസ്ഥാനത്തുണ്ട്. .....(ബഹളം)..... ഭരണ പ്രതിപക്ഷ കക്ഷികൾ ഒന്നിച്ചുനിന്ന് ഇത് തടയണമെന്ന ആഗ്രഹം ഗവൺമെന്റിനുണ്ട്. കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഗവൺമെന്റ് നിസ്സഹായമാകുന്ന ഒരവസ്ഥ. ആ അവസ്ഥ മറികടക്കാൻ ഗവണ്മെന്റ് നിയമവിദഗ്ദ്ധരുമായി ചർച്ച നടത്തിക്കൊണ്ടിരിക്കുകയാണ് ; നിയമനിർമ്മാണത്തെക്കുറിച്ചും ആലോചിക്കുകയാണ്. ഇവിടത്തെ സ്വകാര്യ മാനേജുമെന്റുകളുടെ, സ്വാശ്രയ മെഡിക്കൽ കോളേജുകളുടെ ഉടമസ്ഥൻമാർക്ക് മുമ്പിൽ കീഴടങ്ങാൻ ഗവണ്മെന്റ് ഒരിക്കലും തയ്യാറല്ല. അത് അർത്ഥശങ്കക്കിടയില്ലാത്തവിധം ഗവണ്മെന്റ് വ്യക്തമാക്കിയതാണ്. ഇക്കാര്യത്തിൽ പ്രതിപക്ഷത്തിന്റെ നിലപാട് ഭരണപക്ഷത്തിന്റെ നിലപാട് എന്നൊന്നുമില്ല. പ്രതിപക്ഷത്തിന്റെ നിലപാട് തന്നെയാണ് ഗവൺമെന്റിനുള്ളത്. ഇക്കാര്യത്തിൽ ഗവൺമെന്റിന് ആശങ്കയും ഉൽക്കണ്ഠയുമുണ്ട്. ആശങ്കയും ഉൽക്കണ്ഠയും മാത്രം പറഞ്ഞതുകൊണ്ട് കാര്യമില്ല. ഇക്കാര്യത്തിൽ എന്തെങ്കിലും കാര്യമായി ചെയ്യണമെന്ന് ഗവൺമെന്റിന് ആഗ്രഹമുണ്ട്. നിയമ വ്യവസ്ഥകൾ മറികടക്കാൻ ഈ രാജ്യത്ത് ആർക്കും അവകാശമില്ല. നിയമനിർമ്മാണത്തെക്കുറിച്ച് ഗവൺമെന്റ് വളരെ ഗൗരവമായി ആലോചിച്ചുകൊണ്ടിരിക്കുകയാണ്. നിയമനിർമ്മാണം നടന്നു കഴിഞ്ഞാൽ ഇതിനെയൊക്കെ നിയന്ത്രിക്കാൻ ഗവൺമെന്റിന് സാധിക്കുമെന്ന വിശ്വാസമാണുള്ളത്. നിയമനിർമ്മാണം നടത്താൻ സർക്കാരിനെ സഹായിക്കാൻ പ്രതിപക്ഷം തയ്യാറാകുകയാണെങ്കിൽ ഈ അവസ്ഥയ്ക്ക് പരിഹാരം കാണാൻ കഴിയുമെന്ന് ഞാൻ വിശ്വസിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) : ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഉന്നയിച്ചത് 2 കാര്യങ്ങളാണ്. ഒന്ന്, എല്ലാപേർക്കും ഫീസ്

LIBRARY ARCHIVES Kerala Legislative Assembly

വർദ്ധനവ് വരുത്തി. രണ്ടാമതായി മെരിറ്റിൽ വരുന്ന പിന്നോക്ക വിഭാഗത്തിൽപ്പെട്ട പാവപ്പെട്ട വിദ്യാർത്ഥികൾക്കുകൂടി അമിതമായ ഫീസ് കൊടുക്കേണ്ടി വരുന്നു എന്നുള്ള ആശങ്കയെക്കുറിച്ചാണ്. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി വിശദീകരിച്ചതുപോലെതന്നെ, ഇന്നത്തെ സ്ഥിതിക്ക് ഗവൺമെന്റിന് എടുക്കാവുന്ന ഒരു തീരുമാനമിതാണ്. എൻജിനിയറിംഗ് കോളേജുകളിലെ അഡ്മിഷൻ ഫീസിനെ സംബന്ധിച്ചിടത്തോളം ഇതുപോലെ വിമർശനങ്ങൾ വന്നപ്പോൾ, ഗവണ്മെന്റ് പരിശോധിച്ച് ബന്ധപ്പെട്ട മാനേജർമാരുമായി ആലോചിച്ച് ഒരു ചെറിയ ഇളവു വരുത്തി. മെരിറ്റ് സീറ്റിൽ അഡ്മിഷൻ കിട്ടുന്ന കുട്ടികൾക്ക് വരുമാനത്തിന്റെ പരിധിവച്ചുകൊണ്ട് ഒരു ഇളവു വരുത്താൻ സാധിച്ചു. ആ രീതിയിൽ ഇക്കാര്യം പരിശോധിക്കാവുന്നതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ആലോചിച്ചു ചെയ്യേണ്ട കാര്യമാണിത്. അതും ആലോചനയിലുണ്ട് എന്നാണ് എനിക്ക് ഇതുസംബന്ധിച്ച് പറയാനുള്ളത്. സുപ്രീംകോടതി 1,60,000 രൂപ നേരത്തെ നിശ്ചയിച്ചതാണ്. അതിന്റെ reasonable enhancement ആണ് വരുത്തിയിട്ടുള്ളത്.

മി. സ്പീക്കർ : reasonable enhancement ആണ്. Reasonable enhancement of the Government.

ശ്രീ. നാലകത്ത് സൂപ്പി : 1,50,000 രൂപയാണ് നേരത്തെ നിശ്ചയിച്ചത്. ഇക്കാര്യത്തിൽ ഞാൻ പറഞ്ഞതുപോലെ പരിശോധിക്കേണ്ടതാണ്.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : ഇക്കാര്യത്തിൽ സ്വകാര്യ മാനേജുമെന്റിനെ നിയന്ത്രിക്കാൻതക്ക വിധത്തിലൊരു വോയ്സ് സ്റ്റേറ്റ് ഗവൺമെന്റിന് കൂടി സുപ്രീം കോടതി വിധിയിൽ പറയുന്നുണ്ട്. ആ വിധി മേശപ്പുറത്ത് വയ്ക്കാൻ തയ്യാറുണ്ടെങ്കിൽ അത് ചൂണ്ടിക്കാണിച്ചുതരാം. പത്രത്തിൽ വന്ന വാർത്തകളിൽ നിന്നും മനസ്സിലാകുന്നത് സ്റ്റേറ്റ് ഗവൺമെന്റിന്കൂടി അത് സംബന്ധിച്ച ഒരു തീരുമാനമെടുക്കാനുള്ള അവകാശം നൽകിക്കൊണ്ടാണ് സുപ്രീം കോടതി വിധി. സുപ്രീം കോടതി വിധിയുടെ പേരും പറഞ്ഞ് സ്വകാര്യ മാനേജർമാർ വർദ്ധിപ്പിക്കുന്ന ദുർവ്വഹമായ ഫീസിന് ന്യായീകരണം നൽകുക എന്നത് ദൗർഭാഗ്യകരമായിപ്പോയി. ഇക്കാര്യത്തെ സംബന്ധിച്ച് നമുക്ക് നിയന്ത്രിക്കാനുള്ള ഏകവഴി ഇവിടെ നിയമം കൊണ്ടുവരിക എന്നുള്ളതാണ്. ഇത്തരത്തിൽ ഒരു നിയമം കൊണ്ടുവരുന്നതിന് ഗവൺമെന്റ് അടിയന്തിര നടപടി സ്വീകരിക്കുമോ എന്നുള്ളതാണ് ബഹുമാനപ്പെട്ട മന്ത്രിമാരിൽനിന്നും അറിയാനുള്ളത്.

ശ്രീ. നാലകത്ത് സൂപ്പി : ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ നിയമം കൊണ്ടുവരുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ട് എന്ന് കഴിഞ്ഞ ദിവസം പറഞ്ഞു.

(2) ആട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. തമ്പാനൂർ രവി : കേരളത്തിൽ നാല്പതിനായിരത്തിലധികം വരുന്ന ആട്ടോമൊബൈൽ വർക്ക്ഷോപ്പുകളുണ്ട്. അതിലെല്ലാം കൂടി അഞ്ചര

LIBRARY ARCHIVES Kerala Legislative Assembly